## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1563** **19-06-2024 - ൽ മറുപടിയ്ക്ക്**

## ഭൂമി തരം മാറ്റ അപേക്ഷകളിന്മേലുള്ള ക്രമക്കേടുകൾ തടയാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ. യു. എ. ലത്തീഫ്,<br>ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ. നജീബ് കാന്തപുരം | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ഭൂമി തരം മാറ്റ അപേക്ഷകളിന്മേൽ വ്യാപകമായ ക്രമക്കേടുകൾ നടക്കുന്നതായി അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ടോ; | (എ) | ഈ വിഷയം സംബന്ധിച്ച് 08.05.2024-ന് സംസ്ഥാന വ്യാപകമായി എല്ലാ റവന്യൂ ഡിവിഷണൽ ഓഫീസുകളിലും 'ഓപ്പറേഷൻ കൺവെർഷൻ' എന്ന പേരിൽ ഒരു മിന്നൽ പരിശോധന നടത്തുകയും, 09.05.2024-ന് ഇക്കാര്യം സംബന്ധിച്ച് ഒരു പത്രക്കുറിപ്പ് വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ പ്രസിദ്ധികരിക്കുകയും ചെയ്തിരുന്നു. ഒരു ഏജൻസിയുടെ മൊബൈൽ നമ്പറിൽ നിന്നുമാത്രം 700 അപേക്ഷകൾ ഭൂമി തരം മാറ്റുന്നതിനായി റവന്യൂ ഡിവിഷണൽ ഓഫീസുകളിൽ ലഭിച്ചതായി വിജിലൻസ് റിപ്പോർട്ട് ചെയ്തിരുന്നു. 2017-നു ശേഷം ആധാരം ചെയ്ത വസ്തുക്കൾ തരം മാറ്റിയതായും, പ്രാദേശിക തല സമിതിയുടെ ശിപാർശ കൂടാതെ തരം മാറ്റം അനുവദിച്ചുവെന്നും വിജിലൻസ് പത്രക്കുറിപ്പിൽ റിപ്പോർട്ട് ചെയ്തിരുന്നു.<br><br>സംസ്ഥാനത്ത് തരം മാറ്റ അപേക്ഷകൾ പ്രധാനമായും സമർപ്പിക്കപ്പെടുന്നത് അക്ഷയ സെന്ററുകൾ വഴിയാണ്. ഇത്തരത്തിൽ അപേക്ഷ സമർപ്പിക്കുമ്പോൾ അക്ഷയ സെന്ററിന്റെ തന്നെ ഫോൺ നമ്പർ പല അപേക്ഷകൾക്കും നൽകുന്നത് സാധാരണമാണ്. കൂടാതെ ഭൂമി തരം മാറ്റത്തിൽ പല സ്വകാര്യ ഏജൻസികളും തരം മാറ്റ അപേക്ഷാ സമർപ്പണം സംബന്ധിച്ച സേവനങ്ങൾ നൽകിവരുന്നുണ്ട്. ഇവിടെയും ഏജൻസികളുടെ മൊബൈൽ നമ്പർ അപേക്ഷയിൽ ഉൾപ്പെടുത്തുന്നതായി കാണുന്നു. സംസ്ഥാനത്തിനു പുറത്തും വിദേശത്തും ജോലിചെയ്യുന്ന പലരും മറ്റു തിരക്കുകൾ ഉള്ളവരും ഇത്തരത്തിൽ അപേക്ഷാ സമർപ്പണത്തിന് സ്വകാര്യ ഏജൻസികളുടെ സേവനം തേടുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | 2017-ന് ശേഷം ആധാരം ചെയ്ത വസ്തുക്കൾ തരം മാറ്റി നൽകരുതെന്ന് നിയമത്തിൽ വ്യവസ്ഥയില്ല. 2008-ന് മുമ്പ് നികത്തപ്പെട്ട ഭൂമിയാണ് ഡാറ്റാബാങ്കിൽ നിന്നും ഒഴിവാക്കപ്പെടാനും തരം മാറ്റത്തിനും അർഹതയുള്ളത്. 2017-ന് മുമ്പ് 25 സെന്റിന് താഴെ വിസ്തൃതിയുള്ള ഭൂമി പിന്നീട് കൈമാറ്റം ചെയ്തിട്ടുണ്ടെങ്കിൽ പോലും സൗജന്യ തരം മാറ്റത്തിന് അർഹതയുണ്ട്.<br><br>കൂടാതെ, ഫാറം 5-ൽ ലഭിക്കുന്ന അപേക്ഷകളിൽ നടപടി സ്വീകരിക്കുന്നതിനായി, പ്രാദേശികതല നിരീക്ഷണ സമിതിയുടെ റിപ്പോർട്ട് ആവശ്യപ്പെടരുതെന്നും പകരം കൃഷി ഓഫീസറുടെ റിപ്പോർട്ടാണ് ആവശ്യപ്പെടേണ്ടതെന്നും 25.03.2024-ലെ REV-P1/149/2023-REV സർക്കുലറിലൂടെ കർശന നിർദ്ദേശം നല്കിയിട്ടുള്ളതാണ്. |
| (ബി) | എങ്കിൽ ഇതിൽ റവന്യൂ-കൃഷി വകുപ്പ് ഉദ്യോഗസ്ഥർ ഉൾപ്പെടുന്നതായി കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ഭൂമിതരംമാറ്റ അപേക്ഷളുടെ നടപടികളിലെ ക്രമക്കേടുകൾ സംബന്ധിച്ചോ, ക്രമക്കേടുകളിൽ റവന്യൂ- കൃഷി വകുപ്പ് ഉദ്യോഗസ്ഥർ ഉൾപ്പെട്ടിട്ടുള്ളതായ പരാതിയോ ശ്രദ്ധയിൽപ്പെടുന്ന വേളയിൽ തന്നെ, ബന്ധപ്പെട്ട അധികൃതർ/ജില്ലാ കളക്ടർമാർ മുഖേന അന്വേഷണം നടത്തി നടപടി സ്വീകരിക്കുവാൻ നിർദേശിച്ച് പരാതികൾ അവർക്ക് കൈമാറിവരുന്നുണ്ട്. ഇത്തരം പരാതികളിൽ, ആവർത്തന സ്വഭാവമുള്ളവ, ബന്ധപ്പെട്ട വിജിലൻസ് ഡെപ്യൂട്ടി കളക്ടർമാർ മുഖേനയും അന്വേഷണം നടത്തുവാനായി നിർദ്ദേശിച്ച് പരാതികൾ കൈമാറി വരുകയും ചെയ്യുന്നുണ്ട്.<br><br>ഇപ്രകാരമുള്ള ക്രമക്കേടുകൾ സംബന്ധിച്ച ആരോപണങ്ങൾ അന്വേഷണ വിധേയമാക്കുമ്പോൾ, ആരോപണങ്ങളിൽ കഴമ്പുണ്ടെന്ന് വ്യക്തമാകുന്ന പക്ഷം, ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടികൾ സ്വീകരിച്ചു വരുന്നു. വിരമിച്ച റവന്യൂ ഉദ്യോഗസ്ഥർ ഏജന്റുമാരായി, സേവനത്തിലുള്ള ഏതെങ്കിലും ഉദ്യോഗസ്ഥരുമായി ചേർന്ന് അനധികൃത പ്രവർത്തനങ്ങളോ നിയമലംഘനമോ ഇക്കാര്യത്തിൽ നടത്തിവരുന്നുണ്ടെങ്കിൽ ആയത് ഗുരുതരമായി വീക്ഷിച്ച് അവർക്കെതിരെ കർശന വകുപ്പ് തല നടപടികൾ സ്വീകരിക്കുന്നതുമാണ്. |
| (സി) | മുൻഗണന തെറ്റിച്ചും ചട്ടം ലംഘിച്ചും അപേക്ഷകൾ തീർപ്പാക്കുന്നത് തടയാൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ? | (സി) | നിലവിൽ റെലിസ് പോർട്ടൽ മുഖേന മുൻഗണനാക്രമം കർശനമായി പാലിച്ചാണ് തരം മാറ്റ അപേക്ഷകൾ തീർപ്പാക്കി വരുന്നത്. ഗുരുതരരോഗങ്ങളുടെ ചികിൽസ, വിദ്യാഭ്യാസം, വിവാഹം എന്നീ ആവശ്യങ്ങൾ, ലൈഫ് പദ്ധതിയുടെ കീഴിലുള്ള ഭവന നിർമ്മാണം എന്നീ കാര്യങ്ങൾക്ക് മാത്രമാണ് |

| | | | | |
|---|---|---|---|---|
| | | | | മുൻഗണനാക്രമത്തിൽ ഇളവുകൾ നല്കുന്നത്. ആധികാരിക രേഖകളുടെ അടിസ്ഥാനത്തിൽ, ഇത്തരത്തിൽ ഇളവുകൾ നൽകേണ്ട കേസുകൾ തെരഞ്ഞെടുക്കുന്നത്, ആർ.ഡി.ഒ. അദ്ധ്യക്ഷനായ ഒരു ഇൻറ്റേണൽ കമ്മിറ്റിയാണ്. തരംമാറ്റ അപേക്ഷകളുടെ നിലവിലെ സ്ഥിതി അപേക്ഷകൻ അറിയുന്നതിനുള്ള സൗകര്യം റെലീസ് പോർട്ടലിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്.<br><br>അപേക്ഷ സമർപ്പിച്ച തീയതിയുടെ അടിസ്ഥാനത്തിൽ മാത്രം മുൻഗണന പാലിച്ച് അവ തീർപ്പാക്കാൻ സാധിക്കാതെ വരുന്ന സാഹചര്യങ്ങളും നിലവിലുള്ളതാണ്. കോടതി ഉത്തരവുകൾ, ഗുരുതരരോഗം, വിദ്യാഭ്യാസം, വിവാഹം, ലൈഫ് ഭവനനിർമ്മാണം തുടങ്ങി മുൻഗണന അർഹിക്കുന്ന അപേക്ഷകൾ, വില്ലേജ്/കൃഷി ഓഫീസർമാരുടെയും, ചില കേസുകളിൽ കെഎസ്ആർഇസി യുടേയും റിപ്പോർട്ടുകൾ ലഭിക്കുന്നതിലുള്ള കാലതാമസം മുതലായവ ഇത്തരം സാഹചര്യങ്ങൾക്കുള്ള ഉദാഹരണങ്ങളാണ്. ഒരേ ദിവസം ലഭിച്ച വ്യത്യസ്ഥ അപേക്ഷകളിൽ വ്യത്യസ്ഥ വില്ലേജ് ഓഫീസർമാർ അവരവരുടെ ജോലിഭാരമനുസരിച്ച് വ്യത്യസ്ഥ തീയതികളിൽ റിപ്പോർട്ട് സമർപ്പിക്കുന്ന സാഹചര്യങ്ങളിൽ അപേക്ഷ സമർപ്പിച്ച തീയതിയുടെ അടിസ്ഥാനത്തിൽ മുൻഗണനാക്രമം കൃത്യമായി പാലിക്കുക എന്നത് അസാധ്യമാകുന്ന സാഹചര്യമുള്ളതാണ്.<br><br>• എന്നാൽ ചട്ടലംഘനം നടത്തി അപേക്ഷകൾ തീർപ്പാക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ അവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതുമാണ്. നിയമവും ചട്ടവും ലംഘിച്ചുകൊണ്ട് അപേക്ഷകൾ തീർപ്പാക്കുന്നത് തടയുന്നതിനായി അത്തരത്തിൽ ലഭിക്കുന്ന പരാതികൾ ബന്ധപ്പെട്ട വിജിലൻസ് ഡെപ്യൂട്ടി കളക്ടർമാർക്കും, ജില്ലാ കളക്ടറേറ്റുകളിലെ പരിശോധന വിഭാഗത്തിനും നിജസ്ഥിതി പരിശോധിക്കുന്നതിനും റിപ്പോർട്ടിനുമായി കൈമാറിവരുന്നു. ഇത്തരം ആരോപണങ്ങൾ ശരിയാണെന്ന് കാണുന്ന പക്ഷം കർശന വകുപ്പുതല നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

I/6131882/2024

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നം.REV-P1/149/2023-REV

റവന്യൂ (പി) വകുപ്പ്

തിരുവനന്തപുരം,

തീയതി: 25-03-2024

## സർക്കുലർ

വിഷയം:- കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം - ഡാറ്റാബാങ്കിലെ ഉള്ളടക്കങ്ങൾ തിരുത്തുന്നതിനുള്ള ഫാറം 5 അപേക്ഷകളിൽ നടപടി സ്വീകരിക്കുന്നത് - സംബന്ധിച്ച്.

സൂചന:- 1)30.04.2020-ലെ REV-P1/55/2020-REV സർക്കുലർ.

2)20.03.2024-ന് ബഹു.ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം.

**************************

2008 - ലെ കേരള നെൽവയൽ-തണ്ണിർത്തട സംരക്ഷണ ചട്ടങ്ങൾക്ക് അനുബന്ധമായുള്ള ഫാറം 5-ന്റെ തുടർച്ചയായി നൽകിയിട്ടുള്ള പ്രൊഫോർമ്മയിൽ 'പ്രാദേശികതല നിരീക്ഷണ സമിതിയുടെ ശുപാർശ സംബന്ധിച്ച് കൃഷി ആഫീസർ സമർപ്പിക്കുന്ന റിപ്പോർട്ട്' എന്ന് ശീർഷകത്തിൽ നല്ലിയിരിക്കുന്നത്, ' കൃഷി ആഫീസർ സമർപ്പിക്കുന്ന റിപ്പോർട്ട് ' എന്ന് തിരുത്തി വായിക്കേണ്ടതാണെന്നും പ്രാദേശികതല നിരീക്ഷണ സമിതിയുടെ ശുപാർശ കൂടാതെ തന്നെ, പ്രസ്തുത റിപ്പോർട്ട് കൃഷി ആഫീസർ സമർപ്പിച്ചാൽ മതിയാകുന്നതാണെന്നും, സൂചന (1) പ്രകാരമുള്ള സർക്കുലറിന്റെ ക്രമ നമ്പർ 3 - ലെ വ്യവസ്ഥയിലൂടെ നിർദേശം നൽകിയിരുന്നു. എന്നാൽ, തുടർന്നും റവന്യൂ ഡിവിഷണൽ ഓഫീസർമാർ പ്രാദേശികതല നിരീക്ഷണ സമിതിയുടെ റപ്പോർട്ട് ആവശ്യപ്പെട്ട് വരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുള്ളതാണ്.

മേൽ സാഹചര്യത്തിൽ, ടി നിർദ്ദേശം കർശനമായി പാലിക്കേണ്ടതാണെന്നും, ഫാറം 5 - ൽ ലഭിക്കുന്ന അപേക്ഷകളിൽ നടപടി സ്വീകരിക്കുന്നതിനായി, പ്രാദേശികതല നിരീക്ഷണ സമിതിയുടെ റിപ്പോർട്ട് ആവശ്യപ്പെടരുതെന്നും പകരം കൃഷി ആഫീസറുടെ റിപ്പോർട്ടാണ് ആവശ്യപ്പെടേണ്ടതെന്നുമുള്ള കർശന നിർദ്ദേശം പുറപ്പെടുവിക്കുന്നു.

ഉത്തരവിൻ പ്രകാരം

Signed by
Sujith G R
സെക്ഷൻ ഓഫീസർ
Date: 31-03-2024 19:20:55

അബ്ദുൾ നാസർ ബി ഐ എ എസ്
അഡിഷണൽ സെക്രട്ടറി

1) ലാൻഡ് റവന്യൂ കമ്മീഷണർ

2) ജില്ലാ കളക്ടർമാർ

3) റവന്യൂ ഡിവിഷണൽ ഓഫീസർമാർ
4) കൃഷി വകുപ്പ്
5) തദ്ദേശസ്വയംഭരണ വകുപ്പ്
6) വിവരവും പൊതുജന സമ്പർക്കവും വകുപ്പ്
7)വെബ് & ന്യൂ മീഡിയ/പ്രസ്സ് റിലീസ്സ് (വിപുലമായ പ്രചാരണത്തിന്)
8) കരുതൽ ഫയൽ/ഓഫീസ് കോപ്പി

പകർപ്പ്

1. ബഹു.റവന്യൂ വകുപ്പു മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
2. ചീഫ് സെക്രട്ടറിയുടെ സ്റ്റാഫ് ഓഫീസർക്ക്
3. റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ സി എ-യ്ക്ക്
4. അഡീഷണൽ സെക്രട്ടറിയുടെ പി എ-യ്ക്ക്